## പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ: 1303

4.12.2014ൽ മറുപടിയ്ക്ക്

### പ്രാഥമിക കയർ സഹകരണ സംഘങ്ങൾക്ക് അഫിലിയേഷൻ ലഭിക്കാൻ നടപടി

| ചോദ്യം<br>ഡോ.ടി.എം.തോമസ് ഐസക് | ഉത്തരം<br>ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പുമന്ത്രി) |
|---|---|
| **(എ)** കയർഫെഡിൽ അഫിലിയേഷനുള്ള പ്രാഥമിക കയർ സഹകരണ സംഘങ്ങൾ എത്രയാണ്; | **(എ)** കയർഫെഡിൽ 642 പ്രാഥമിക കയർ സഹകരണ സംഘങ്ങൾക്ക് അഫിലിയേഷൻ ഉണ്ട്. |
| **(ബി)** കയർഫെഡിൽ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി ഭരണം ഏർപ്പെടുത്തിയത് ഏത് തീയ്യതി മുതലാണ്; വിശദാംശം ലഭ്യമാക്കുമോ; | (ബി) ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവ് പ്രകാരം കയർഫെഡിൽ 20.02.2013 മുതലാണ് അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി ഭരണം ഏർപ്പെടുത്തിയത്. |
| **(സി)** അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി പുതുതായി ഏതെങ്കിലും പ്രാഥമിക സംഘങ്ങൾക്ക് കയർഫെഡിൽ അംഗത്വം നൽകിയിട്ടുണ്ടോ; എങ്കിൽ എത്ര സംഘങ്ങൾക്ക്; വിശദാംശം ലഭ്യമാക്കുമോ; | **(സി)** അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി വന്നശേഷം അപേക്ഷ സമർപ്പിച്ച 128 പ്രാഥമിക സഹകരണ സംഘങ്ങൾക്ക് കേരള സഹകരണ നിയമം വകുപ്പ് 8 എ (2) പ്രകാരം 60 ദിവസം പൂർത്തിയായ മുറയ്ക്ക് സ്വാഭാവികമായി അഫിലിയേഷൻ ലഭിക്കുകയാണ് ഉണ്ടായിട്ടുള്ളത്. അങ്ങിനെ 128 സംഘങ്ങൾക്ക് അഫിലിയേഷൻ ലഭിച്ചിട്ടുണ്ട്. |
| **(ഡി)** വോട്ടവകാശമുള്ള അംഗങ്ങളെ ചേർക്കാൻ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിക്ക് അധികാരമുണ്ടോ; ബഹു. സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ വിശദമാക്കാമോ; | **(ഡി)** ഇല്ല. കേരള സഹകരണ നിയമത്തിലെ വകുപ്പ് 8 എ (2) പ്രകാരം അപ്പെക്സ് സംഘത്തിൽ അഫിലിയേഷനു വേണ്ടി അപേക്ഷ സമർപ്പിച്ച് 60 ദിവസത്തിനകം തീരുമാനമെടുക്കാത്തപക്ഷം അത്തരം അഫിലിയേഷൻ നൽകപ്പെട്ടതായി കണക്കാക്കാവുന്നതാണ്. |

| | |
|---|---|
| **(ഇ)** സഹകരണ നിയമത്തിനും സുപ്രീം കോടതി വിധിയ്ക്കും, കോടതി നിർദ്ദേശങ്ങൾക്കും വിരുദ്ധമായി കയർഫെഡിലെ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി നടത്തുന്നതായി ഉയർന്നു വന്ന ആക്ഷേപങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | **(ഇ)** കയർഫെഡുമായി ബന്ധപ്പെട്ട് ചില പരാതികൾ ലഭിച്ചിട്ടുള്ളത് പരിശോധിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ